# തടിയൻ

ബിനീഷ് പിലാശ്ശേരി



തടിയൻ

ബിനീഷ് പിലാശ്ശേരി
(മലയാളം: ചെറുകഥ)

© 2024, Bineesh Pilassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Red fox detailed photo, a photograph by Sarvis John. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തടിയൻ

"ഇനക് റൂഹ് ബ്ബറ... ഹിമാർ... ഹിമാർ...!!"

ശത്രുവിനെക്കണ്ട സർപ്പത്തെപ്പോലെ അർബാബ് എന്നെ നോക്കി ചീറ്റുകയാണ്.

'എന്താടാ... കാണിച്ചു വെച്ചിരിക്കുന്നത് കഴുതേ... ആവില്ലെങ്കിൽ തുലഞ്ഞു പോ...' എന്നൊക്കെയാണ് അർബാബ് പറയുന്നത്.

പൊട്ടിയ പൈപ്പിൽ നിന്നും ഉയർന്ന പൊങ്ങിയ വെള്ളത്തിൽ നനഞ്ഞു കുതിർന്ന വസ്ത്രങ്ങളുമായി അർബാബിന്റെ മുന്നിൽ ഞാൻ ഒന്നും മിണ്ടാതെ, അനങ്ങാതെ, നിന്നു.

ഉള്ളിൽ ദേഷ്യവും സങ്കടവുമെല്ലാം തികട്ടി വരുന്നുണ്ട്. പക്ഷേ, ഒന്നും നാവിലേക്കും കൈകളിലേക്കും പടരാതെ ഞാൻ ശ്രദ്ധിച്ചു.

കുറച്ചു മാറി വീണു കിടക്കുന്ന മുനകൾ കൂർത്ത കൈക്കോട്ടു കണ്ടപ്പോൾ എന്റെ മനസ്സ് കടലുകൾക്കപ്പുറത്തുള്ള ചതുപ്പുവയലോരത്തെ മൺപാതയിലൂടെ നടന്ന് ഇടവഴി കയറി ഓടുമേഞ്ഞ കൊച്ചു വീട്ടിലെത്തി...;

തെങ്ങുകൾക്ക് തടമെടുത്ത് ക്ഷീണിച്ച് പുറംതിണ്ണയിൽ നീണ്ടു മലർന്ന് മയങ്ങുകയാണ് ഞാൻ.

'തടിയാ... മാളൂനെ നോക്കണം...' പാതി മയക്കത്തിൽ കണ്ണുകൾ തുറക്കാതെ ഞാൻ മൂളി. ഉച്ചവെയിലേറ്റതിന്റെ തളർച്ചയാവാം, വീണ്ടും മയങ്ങിപ്പോയി.

ഉറക്കത്തിലെപ്പോഴോ അമ്മയുടെ ആർപ്പുവിളി കേട്ടാണ് ഞെട്ടിയെഴുന്നേറ്റത്. മാളുവിനെ കൈയിലെടുത്ത് ദേഷ്യത്തിൽ ചുവന്ന മുഖവുമായി ആർത്തു കരഞ്ഞു കൊണ്ട് എന്തൊക്കെയോ പറഞ്ഞ് എന്നെ പ്രാകുകയാണമ്മ. കൈക്കുഞ്ഞ് ശ്വാസമെടുക്കാനാവാത്ത വിധം വിങ്ങിക്കരയുന്നു.

എനിക്കൊന്നും മനസ്സിലായില്ല.

ജ്യേഷ്ഠന്റെ ഭാര്യ ഓടിവന്ന് മാളുവിനെ അമ്മയുടെ കൈയിൽ നിന്നു വാങ്ങി ചീറ്റപ്പുലിയെപ്പോലെ എന്നെയൊന്നു നോക്കി. അവരുടെ കണ്ണുകളിലും കത്തുന്ന കോപം.

കാര്യമറിയാതെ ഞാൻ അന്ധാളിച്ചു നിന്നു.

'ഈ തടിമാടനോ പോട്ടെ, അമ്മയും ശ്രദ്ധിച്ചില്ലേ...' അവർ അമ്മയോട് അത്തരത്തിൽ ഒച്ച വെക്കുന്നത് ആദ്യമായാണ് കാണുന്നത്.

'ഞാനീ മടയനെ ഏൽപ്പിച്ച് പോയതാണ്... പറ്റില്ലെങ്കി പറഞ്ഞാമ്മതിയാരുന്ന്... കൊറേ തടി ഉണ്ടായാമാത്രം പോരാ... കൊറച്ചൊക്കെ ബോധം വേണം മനുഷ്യനായാല്.'

കരയുന്ന കുഞ്ഞിന്റെ ദേഹമാസകലം പരിശോധിക്കുന്നതിനിടയിലാണ് അമ്മയത് പറഞ്ഞത്.

'ണ്ടായ്ര്ന്ന കോഴീനെ മുഴുവൻ പിടിച്ച് തിന്ന് തീർത്ത്... ഇപ്പൊ പട്ടാപ്പകല് മന്ഷ്യമ്മാരെ പിടിക്കാനെറങ്ങ്യേക്കാണ്... ന്ട്ടും അയ്ന്റെ കലി അടങ്ങീട്ടില്ല... വിരിപ്പും വലിച്ചോണ്ടാണത് വടക്കോട്ടോടീത്... ചാവാലിക്കുറുക്കൻ.'

മുഴുവനായല്ലെങ്കിലും, കാര്യങ്ങളുടെ ഏകദേശരൂപം പിടികിട്ടിയ ഞാൻ ധൃതിയിൽ വീടിന്റെ വടക്കു വശത്തുള്ള കിണറ്റിനടുത്തേക്ക് ചെന്നു. കിണറിനു കുറച്ചു ദൂരത്തായി തൊടിയിലേക്ക് നോക്കിയപ്പോൾ കണ്ടു; ചാവാലിയൊന്നുമല്ല, തടിച്ച കൊഴുത്ത് തവിട്ടുനിറത്തിലുള്ള കുറുക്കൻ. മാളു കിടന്നിരുന്ന പ്ലാസ്റ്റിക് വിരിയും മടക്കുകളാക്കി തലയ്ക്കടിയിൽ വെക്കാറുള്ള വെള്ളത്തുണിയും കടിച്ച് കുതറുകയാണവൻ.

കാലടിയൊച്ച കേട്ടിട്ടാവണം, ഞാൻ വന്നതറിഞ്ഞത്. കിണറിനടുത്തു നിൽക്കുന്ന എന്നെ ചുവന്ന കണ്ണുകൾ കൊണ്ട് രൂക്ഷമായൊന്നു നോക്കിയ ശേഷം അവൻ വിരി കീറുന്ന പ്രവൃത്തി തുടർന്നു.

'അല്ല മോളേ... കോലായില് കെടത്തി തടിയനെ ഏൽപ്പിച്ച് ഞാനകത്തേക്ക് പോയതാ... കരച്ചില് കേട്ട് നോക്കുമ്പം കുഞ്ഞിന്റെ അടുത്ത് കുറുക്കൻ... ഓടിപ്പോയി കുട്ടീനെ എടുത്തപ്പം കുഞ്ഞിനെ കിട്ടാത്ത ദേഷ്യത്തിൽ വിരിയും കടിച്ചോണ്ട് ഓടി... തടിയനാണെങ്കി കൂർക്കംവലിച്ചൊറക്കോം.'

ഉമ്മറത്തു നിന്നുള്ള അമ്മയുടെ വാക്കുകൾ കേട്ടപ്പോൾ എന്റെ ഉള്ളിലെ കനൽ തെളിഞ്ഞെരിഞ്ഞു. ഒറ്റക്കുറുക്കൻ അപകടകാരിയാണ്. കേട്ടറിയാം... പക്ഷേ, അമ്മയപ്പോൾ വന്നില്ലായിരുന്നെങ്കിൽ... വെള്ളത്തുണിയുടെ സ്ഥാനത്ത് മാളു...!

ഞാൻ നിലത്തു കൂടി കണ്ണു പായിച്ചു.

അതാ..., എന്റെ വലതു വശത്തായി അടുത്തു തന്നെ, വീടിന്റെ ചുമരിൽ ചാരി ഒരു വാക്കത്തി. പുറംപണിക്കെടുന്നതാണ്. മൂർച്ചക്കുറവു കാണും.

'തടിയന്റെ ഏറ് കൊണ്ട് ന്റെ മോന്റെ തല പൊട്ടി... ചോര വരുണത് കണ്ടോ...'

രാജന്റെ ചോരയൊലിക്കുന്ന മുഖം കാണിച്ച് വീട്ടിൽ വന്ന് അവന്റെ അമ്മ പറഞ്ഞതാണ്. എട്ടാമതിലോ ഒമ്പതാം തരത്തിലോ പഠിക്കുമ്പോഴാണത്. പതിവുപോലെ അന്നും കിട്ടി അമ്മയുടെ സമ്മാനം, ഇലയുഴിഞ്ഞെടുത്ത നീളൻ പുളിവടി കൊണ്ട്.

തീരെ മെലിഞ്ഞ രാജന്റെയത്ര വേഗത തനിക്കില്ല, കളിയാക്കിപ്പാഞ്ഞ അവന്റെ പുറകെ ഓടാൻ. പന്തു കളിക്കുന്ന പാടത്തായതു കൊണ്ട് തിരഞ്ഞിട്ട് ഒന്നും കിട്ടിയില്ല. ഒടുക്കം, 'വേണ്ട' എന്നു കരുതി ഒഴിവാക്കിയതാണ്. കുറച്ചു ദൂരമെത്തിയപ്പോൾ അവന് ധൈര്യം വർദ്ധിച്ചു. അവൻ വീണ്ടും ഉറക്കെ കളിയാക്കി. തെങ്ങിൻ ചുവട്ടിൽ നിന്നു കിട്ടിയ വെള്ളക്കയെടുത്തതും അവൻ പിന്നെയും ഓടി. 'ഇനിയെന്നെക്കിട്ടില്ലാ...' എന്നു കരുതിക്കാണണം, പിന്നെയും അവൻ കളിയാക്കി വിളിച്ചു...:

'നീ പോടാ... തടിയാ...'

പള്ളിക്കൂടത്തിലെ മികച്ച ഓട്ടക്കാരനായ അവന്റെ വേഗത എനിക്ക് മനപ്പാഠമാണ്. മച്ചിങ്ങയുടെ ഭാരവും അവന്റെ കാലിന്റെ ദിശയും വേഗവും അളന്നു തൂക്കി ഇടതുകൈ കൊണ്ട് ഒരൊറ്റയേറ്... മഴവില്ലാകൃതിയിൽ വളഞ്ഞ്, പറന്ന് വെള്ളക്ക ചെന്നു കൊണ്ടത് അവന്റെ തിരുനെറ്റിയുടെ തൊട്ടുമുകളിൽ. മുന്നിൽ നിന്നെറിഞ്ഞ പോലെ! തൊലിയടർന്ന വെള്ളക്കയതാ... നിലത്തു വീണപ്പോൾ രണ്ടു കഷ്ണങ്ങൾ!

പുളിവടി പിൻതുടകളിൽ ഒന്നിനു മീതെ പലതായി വരകളിട്ടപ്പോഴും, 'തടിയാ...' എന്നു വിളിച്ചു കളിയാക്കിയിട്ടാണെന്ന് ഞാൻ പറഞ്ഞില്ല, അച്ഛനോടും, അമ്മയോടും..., ആരോടും.

മറ്റൊരിക്കൽ, 'തടിയൻ എടത്തേക്കൈയ്യനാ... ഉന്നം പെഴക്കൂല.' മാനത്തോളം നീണ്ടുയർന്ന നാട്ടുതെങ്ങിൽ നിന്നും ഞാനെറിഞ്ഞു വീഴ്ത്തിയ കരിക്കുകൾ ഓരോന്നെടുത്ത് കൂർപ്പിച്ച വടി കൊണ്ട് കുത്തിത്തുളച്ച് വെള്ളം ഊറ്റിക്കുടിക്കുമ്പോൾ കൂട്ടുകാരിൽ ചിലർ രഹസ്യമായി പറഞ്ഞതാണ്. അന്ന്, 'ഇവരെക്കൂടി പിണക്കിയാൽ ഇനി കൂട്ടുകാരായി ആരുമുണ്ടാവില്ലെ'ന്നു കരുതി കേൾക്കാത്തതു പോലെ നിന്നു. ഉള്ളിലുണർന്ന സങ്കടം അവിടെത്തന്നെയൊതുക്കി; എന്റെ കറുത്ത തടിക്കുള്ളിൽ.

പ്ലാസ്റ്റിക് വിരി കീറിപ്പറിച്ച് തുണ്ടങ്ങളാക്കിയ ശേഷം മാളുവിന്റെ തലയിണത്തുണിയാണിപ്പോൾ കുറുക്കൻ കടിച്ചു കുടയുന്നത്.

ശ്രദ്ധമാറാതിരിക്കാൻ അവനെ മാത്രം നോക്കി പതുക്കെ വലത്തോട്ടു നീങ്ങി കുനിഞ്ഞതും അവനെന്നെക്കണ്ടു. കടിച്ചു പിടിച്ച തുണിയുമായി അവൻ പറമ്പിന്റെ കിഴക്കുഭാഗത്തേക്കു പാഞ്ഞു...

മറ്റെങ്ങും നോക്കാതെ അവന്റെ സഞ്ചാരദിശയും വേഗതയും ഞാൻ മനക്കണക്കു കൂട്ടി, എന്റെ ഇടതു കൈയ്യിലുടക്കിയ വാക്കത്തിയുടെ ഭാരവും.

ആഞ്ഞു വീശി ഒറ്റയേറ്...

അവന്റെ വേഗം വെച്ച്, ഒന്നല്ല... 'ഒന്നര മുഴം മുമ്പേ...'

തടമെടുത്തു പകുതിയാക്കിയ തെങ്ങിനടുത്തേക്കാണവന്റെ ഓട്ടം..., എന്റെ ഏറും.

അവന്റെ തല ലക്ഷ്യമായി കറങ്ങിക്കുതിച്ചുപറന്ന വാക്കത്തിക്ക് ചെത്തിപ്പൂത്തണ്ടും വാഴത്തുമ്പും കാപ്പിത്തണ്ടുകളുമൊന്നും നേരിയ തടസ്സം പോലുമല്ലായിരുന്നു. അതിനെയൊക്കെ നിഷ്പ്രയാസം മുറിച്ചും ചതച്ചും കീറിയും കാറ്റിൽ പറപ്പിച്ചു കൊണ്ട് വാക്കത്തി പാഞ്ഞു, ചക്രവാള് കണക്കെ.

എന്നാൽ..., എന്റെ ശിരസ്സിന്റെ വലതുകോണിൽ നിന്നുദിച്ച നിഗമനങ്ങളെ അപ്പാടെ തെറ്റിച്ചുകൊണ്ട് തെങ്ങിന്റെ മറുഭാഗത്തു കൂടിയാണ് അവൻ ഓടിയത്. അതു കൊണ്ട്... അതുകൊണ്ടു മാത്രം തലയിണത്തുണിയടക്കം അവന്റെ വായ കീറി പല്ലുറക്കേണ്ടിയിരുന്ന കത്തിവായ്ത്തല തെങ്ങിൻതൊലിയെ വിലങ്ങനെ ചീന്തിപ്പൊളിച്ച് മൂപ്പെത്തിയ കാതലിൽ തട്ടി തറച്ചു നിന്നു. ഒന്നുരണ്ടു നൊടിയട അതിന്റെ പിടിയൊന്നു വിറച്ചുവെന്നു തോന്നുന്നു.

അപ്പോൾ തെങ്ങിൽനിന്നുയർന്ന ശീൽക്കാരം കാറ്റു കൊണ്ടോ അതോ... ശുശ്രൂഷകന്റെ കത്തിയേറ്റു കൊണ്ടിട്ടോ...?

ഉമ്മറത്തു നിന്നും ഉയർന്നു കേട്ട മാളുവിന്റെ നിർത്താതെയുള്ള കരച്ചിൽ ഉള്ളിലെരിഞ്ഞ കോപക്കനലിനെ ആളിക്കത്തിച്ചു. മറ്റെല്ലാം ഞാൻ മറന്നു. ഉടുത്തിരുന്നത് മുട്ടിന് മുകളിലെത്തുന്ന മുഷിഞ്ഞൊരു തോർത്തുമുണ്ടാണ്.

തോർത്തുമുണ്ട് കൗപീനചരടിനു മുകളിലൂടെ ഒന്നു കൂടി വലിച്ചു മുറുക്കി കെട്ടി തൊടിയിലേക്കു ഞാൻ ചാടി.

അവന്റെ പുറകെത്തന്നെ ഓടി...

പറമ്പിന്റെ അതിരുകഴിഞ്ഞാൽ തോടാണ്. അതു കഴിഞ്ഞാൽ അങ്ങാടിയിൽ നിന്ന് പാറമടയിലേക്കുള്ള മൺപാത. അതിനപ്പുറം ആഴത്തിൽ ചളി പുതഞ്ഞ തണ്ണീർത്തടം.

അവൻ അതിരിനടുത്തെത്തിയിരിക്കുന്നു.

തെങ്ങിനടുത്തെത്തിയതും ഓട്ടത്തിനിടയ്ക്കു ഞാനറിയാതെ തന്നെ തുമ്പത്താഴിൽ കൈപ്പത്തി പതിഞ്ഞു. ഒരു നൊടിയുടെ അംശം പോലും നിന്നില്ല, ഓടി...

തൊടിയിൽ എവിടെയൊക്കെ, എന്തൊക്കെ മരങ്ങളുണ്ടെന്ന് എനിക്കറിയാം, അവനെക്കാൾ. അതു കൊണ്ടു തന്നെ വേഗതക്കുറവ് എന്നെ ബാധിച്ചില്ല.

തലപ്പൊക്കത്തിലുള്ള ചെമ്പരത്തിക്കാടിനെ മുഖവും നെഞ്ചും കൊണ്ട് വകഞ്ഞു മാറ്റി അതിരു കടന്നു. നടന്നു കടന്നാൽ നാലഞ്ചടി വെക്കേണ്ട തോട്ടിന്നക്കരെയെത്തിയ എന്റെ കാൽവിരലുകളിലൊന്നു പോലും ഒട്ടും നനഞ്ഞിട്ടില്ലായിരുന്നു.

രണ്ടാളാഴത്തിലാണു പാത. തിട്ടയിൽ നിന്നും മൺപാതയിലേക്കു ചാടിയപ്പോൾ 'നിലമെത്തുന്നില്ലാ...' എന്നു തോന്നി.

കാറ്റു തട്ടി തോർത്തുയർന്നിരിക്കാം...

എന്റെ പെരുങ്കാലുകൾ ഭൂമിയിൽ പതിയുംമുമ്പേ കുറച്ചു ദൂരെ, വലതുവശത്തായി ഞാനവനെ കണ്ടു; വിജനമായ പാതയുടെ നടുവിലിട്ട് വെള്ളത്തുണി കടിച്ചു കുതറുകയാണവൻ.

അമ്മ പറഞ്ഞത് വാസ്തവം തന്നെ; 'അവന്റെ കലി അടങ്ങിയിട്ടില്ല...!'

അരിച്ചാക്കിന്റെ ഭാരമുള്ള ശരീരത്തെ താങ്ങി നിർത്തുന്ന വീട്ടിത്തൂണുകണക്കെയുള്ള കാലുകൾ, കരിങ്കല്ലുകയറ്റിയ ലോറിച്ചക്രങ്ങൾ ഉരുണ്ടുറച്ച ചെമ്മണ്ണിൽ പതിഞ്ഞപ്പോഴുണ്ടായ പ്രകമ്പനത്തിലൂടെ തിരിച്ചറിഞ്ഞിട്ടാവാം അവനെന്നെ തലയുയർത്തി നോക്കിയത്.

അവിടം വരെ ഞാനെത്തുമെന്ന് അവനും പ്രതീക്ഷിച്ചില്ലായിരിക്കും, കടിച്ചു പിടിച്ച തുണി വിടാതെ അവൻ വീണ്ടും കുതിച്ചു പാഞ്ഞു.

'ഭാഗ്യം... പാടത്തേക്കല്ല...!' ആയിരുന്നെങ്കിൽ ഈ ശരീരവും വെച്ച് ചളിക്കുണ്ടിൽ ഒന്നും ചെയ്യാനാവില്ലായിരുന്നു.

മാളുവിന്റെ തലയണത്തുണി നിലത്തിടാത്തതു കൊണ്ടാണെന്നു തോന്നുന്നു, അരിശമെനിക്ക് വീണ്ടും വീണ്ടും വർദ്ധിച്ചു. 'ഓനെ കിട്ട്യേ പറ്റൂ...' എന്ന നിശ്ചയത്തിൽ പുറകെ ഞാനും കുതിച്ചു, ഒട്ടും കിതയ്ക്കാതെ.

ഓടുന്നത് വായനശാലയുടെ മുമ്പിലൂടെയാണെന്നും, റേഷൻകടയിൽ നീണ്ട നിരയാണെന്നും അച്ഛൻ ആ കൂട്ടത്തിലെവിടെയോ ഉണ്ടെന്നുമൊക്കെ ആരറിയാൻ...!

ഉടുത്തിരിക്കുന്ന തോർത്തു മുണ്ടിന്, നേരെ നിൽക്കുമ്പോൾ കൂടി വണ്ണിച്ച കരിന്തുടകളെ മറയ്ക്കാനാവില്ല എന്നതുപോലും ഞാൻ മറന്നു പോയിരുന്നു.

പക മാത്രമാണുള്ളിൽ... ആകാശം മുട്ടെ ആളിക്കത്തുന്ന, തടിയന്റെ തീപ്പക...!!

ഇരുവശങ്ങളിലെ ആൾക്കൂട്ടങ്ങളിൽ നിന്നും ആരൊക്കെയോ എന്തൊക്കെയോ ഉറക്കെ വിളിച്ചു പറയുന്നുണ്ട്. ഒന്നും കേട്ടില്ല. ആരെയും കണ്ടില്ല.

കാണുന്നത് നിലം തൊടാതെ ചെമ്പൊടി പാറ്റി പറക്കുന്ന നാലു കാലുകൾ മാത്രം..., ചെവിയിൽ അലയടിച്ചു കേൾക്കുന്നത് മാളുവിന്റെ വിങ്ങിക്കൊണ്ടുള്ള കരച്ചിൽ, പിന്നെ... അമ്മയുടെ മുറവിളിയും...;

"തടിയനെ ഏൽപ്പിച്ചതായിരുന്നു..."

മുക്കവലയിലെ ആലിൻതറയ്ക്കടുത്തെത്തിയപ്പോൾ അവൻ ഒരു നിമിഷം ശങ്കിച്ചു നിന്നതായി തോന്നുന്നു; 'ഇനി ഏതു വഴി...?'

ഒരേയൊരു നിമിഷം...

അവന്റെ ചോദ്യത്തിനുത്തരം തലച്ചോറിൽ നിന്ന് സിരകൾ വഴി കാലുകളിലേക്കെത്തും മുന്നേ... തുമ്പയുടെ മൂട് പതിഞ്ഞ് തല പൊട്ടി... തലയിണത്തുണി നിലത്തു വീണു. ഒന്നു മുരണ്ടെങ്കിലും ശൗര്യം ഒട്ടും വിടാതെ തിരിഞ്ഞു ചാടി എന്റെ നഗ്നമായ വലത്തേ തുടയിലെ ഉറച്ച പേശികളിലേക്ക് അസ്ഥിയടക്കം അടർത്തിയെടുക്കാനെന്ന പോലെ, കൂർത്തു നീണ്ട കോമ്പല്ലുകളമർത്താനൊരു ശ്രമമവൻ നടത്തി...

രണ്ടരയടി പുറകോട്ടു നീങ്ങുമ്പോൾ തന്നെ തുമ്പത്താഴിൽ ഇടതുകൈ മുന്നിലും മറുകൈ പുറകിലും പിടിച്ച്, നട്ടെല്ലോളം പിൻവലിച്ച് ആഞ്ഞു വീശി ഒരൊറ്റയടി... ക്രൗര്യത്തോടെ ചുവന്നു കത്തിയിരുന്ന അവന്റെ വലത്തേക്കണ്ണ് പുറത്തേക്കു തള്ളി... കൂടെ, മേൽത്താടിയിലെ മൂന്നുനാലു പല്ലുകൾ കൊഴുത്ത ചോരയടക്കം പൊടിമണ്ണിൽ.

ഒന്നു നിന്ന അവൻ, ഒറ്റക്കണ്ണു കൊണ്ട് എന്നെ നോക്കാനായി തലയുയർത്തിയതും മൂന്നാമത്തെ അടി നെറുകയിൽ... മണ്ണിലേക്ക് പതിയും മുമ്പേ ആ ഊളരാക്ഷസന്റെ തലച്ചോർ പുറത്തു ചാടി... നാവു നീണ്ടു...

പിന്നെയവൻ ശബ്ദമുണ്ടാക്കിയില്ല... അനങ്ങിയില്ല.

പിഞ്ഞിക്കീറിയ മാളുവിന്റെ തലയിണത്തുണി ചുടുചോര കൊണ്ടു ചുവന്നു. ചുണ്ണാമ്പു പൂശിയ ആൽത്തറയുടെ വശങ്ങളിൽ മുറുക്കിത്തുപ്പിയ കണക്കെ ചോരത്തുള്ളികൾ തെറിച്ചു വീണു.

ദാഹമായിരുന്നു...; എന്റെ മാളുവിനെ കടിച്ചു കീറാൻ വന്നവനോടുള്ള പ്രതികാരദാഹം...

അതോ...,

കോപമായിരുന്നോ... 'തടിയൻ...' എന്നു വിളിപ്പേരിട്ടവരോടുള്ള അടങ്ങാത്ത കോപം...!!?

വലത്തേ തോളിൽ ശത്രുജഡവും ഇടംകൈയിൽ തുമ്പയുമായി അങ്ങാടിയിലൂടെ തിരിച്ചു നടക്കുമ്പൊഴും ഞാൻ ആരെയും ശ്രദ്ധിച്ചില്ല.

കാടന്റെ നാക്കിൽ നിന്നുറ്റിവീഴുന്ന രക്തത്തുള്ളികൾ എന്റെ കാലടിയെ പിൻതുടർന്നിരിക്കാം.

തെക്കു വശത്തെ അതിരിനോടു ചേർന്ന്, തിരിച്ചറിയാനാവാത്ത തലയോടെ ചുവന്ന തുണിയടക്കം അവനെ കുഴിയിലിട്ടു. കുഴിയിൽ പാതി മണ്ണിട്ട്, അടിവേരോടെ പിഴുതെടുത്ത സാമാന്യം വലിയ പ്ലാവിൻതൈ നാട്ടി കുഴി മൂടി.

രാജന്റെ അമ്മയുടെതടക്കം, നാട്ടുകാരുടെ അനേകം കണ്ണുകൾ പറമ്പിന്റെ അതിർത്തികൾക്കപ്പുറത്തു നിന്ന് ഭീതിയോടെ ഉരുണ്ടു കളിക്കുന്നത് കാപ്പിച്ചെടിയിലകൾക്കിടയിലൂടെ അപ്പോൾ മാത്രമാണ് കണ്ടത്. വീടിന്റെ ജാലക അഴികൾക്കിടയിലും കണ്ടു, പേടിച്ചരണ്ട നാല് ഉണ്ടക്കണ്ണുകൾ.

പറമ്പിൽ നിന്നും മുറ്റത്തേക്കു കയറുമ്പോൾ കരച്ചിലില്ല, പ്രാക്കില്ല, ചീറ്റപ്പുലികളുടെ നോട്ടമില്ല, എന്തിനുമേതിനും അകത്തളത്തു നിന്നുയരുന്ന 'തടിയാ...' എന്ന വിളികളുമില്ല....

തികച്ചും ശാന്തം.

അകത്തു നിന്ന് മാളുവിന്റെ കളിചിരി മാത്രം ഉയർന്നു കേൾക്കാം.

കിണറ്റിൻകരയിൽ ചെന്ന് കവുങ്ങിൻപാളയിൽ കോരിയെടുത്ത തണുത്ത വെള്ളം ഉച്ചിയിൽ വീഴ്ത്തിയപ്പോൾ മുഖത്തും നെഞ്ചിലും തുടകളിലും പോറിയ മുറിവുകളിൽ വല്ലാത്ത നീറ്റൽ......; 'കാപ്പിമരങ്ങളുടെയും ചെമ്പരത്തിയുടെയും കമ്പുകളുമേറ്റു മുറിവേറ്റതാവാം.'

'ഹാ...!'

നീറുമ്പോൾ എന്തെന്നില്ലാത്ത മനഃസ്സുഖം...

ഈറൻ മാറി വന്ന ചെറിയച്ഛന്റെ കറുത്ത, തടിച്ചുരുണ്ട, കൈകളിലേക്ക് മാളുവിനെ നൽകുമ്പോൾ അവളുടെ അമ്മയുടെ കൈകളൊന്നു വിറച്ചുവോ...? ഒരു സംശയം. ഉണ്ടാവാം; മടയനായ..., ഇപ്പോൾ ക്രൂരനുമായ തടിയന്റെ കൈകളിലേക്കാണല്ലോ അച്ഛനില്ലാത്ത തന്റെ മകളെ ഏൽപ്പിക്കുന്നതെന്ന് തോന്നിക്കാണുമവർക്ക്.

ഒന്നേമുക്കാൽ ചാൺ വട്ടത്തിലുള്ള, 'തടിയന്റെ ഓട്ടുപിഞ്ഞാണ'ത്തിൽ കുത്തരിച്ചോറ് കൂമ്പാരമായി വിളമ്പുമ്പോൾ അമ്മയുടെ വെളുത്ത കൈകൾ പിശുക്കു കാണിച്ചില്ല അന്ന്, അല്ല...—അന്നു മുതൽ.

പൂർത്തിയാവാത്ത തടമെടുപ്പ് തുടരാൻ പിറ്റേന്നാൾ തുമ്പയെടുക്കുമ്പോഴാണ് അതിൽ പറ്റിയ നാൽക്കാലിച്ചോരയുടെ കറയും മണവും പോയിട്ടില്ലെന്നറിഞ്ഞത്.

"...സുറാ ശീൽ ശുകുൽ... മുക്കാഫി...!!"

'എങ്ങോട്ടാടാ നോക്കുന്നത്... വേഗം പണി തീർക്കാൻ നോക്ക്... വിഡ്ഢീ...!!'

അർബാബിന്റെ ചീത്തവിളി ചോരക്കറ മണമുള്ള എന്റെ ഓർമ്മകളെ തോട്ടുവെള്ളത്തിൽ കഴുകിക്കളഞ്ഞു, തുമ്പത്തലയിലേതെന്ന പോലെ.

ഞാനാ മൂർച്ചയേറിയ മുനകളുള്ള അറബിക്കൈക്കോട്ടിലേക്കു തന്നെ നോക്കി നിൽക്കുകയാണ്.

"ഹിമാർ... ഹിമാർ..."

കൈക്കോട്ടിൽ നിന്നും ശ്രദ്ധമാറ്റി പുലമ്പിക്കൊണ്ടിരിക്കുന്ന അർബാബിന്റെ മുഖത്തേക്ക് ഒറ്റ വട്ടമേ നോക്കിയൊള്ളൂ, അയാളുടെ കാലുകൾ അല്പം പിന്നോട്ട് നീങ്ങി. ഒരിക്കലും ചിരിക്കാത്ത കറുത്ത് പൊക്കം കുറഞ്ഞ എന്റെ അർബാബിന്റെ കോങ്കണ്ണുകളിൽ ഭയത്തിന്റെ നേർത്ത നിഴലുകളോ...!!?

ഞാൻ മുന്നോട്ടു നീങ്ങിച്ചെന്ന് കൈക്കോട്ടെടുത്തു.


യജമാനന്റെ നാലാം ഭാര്യയുടെ മാളികമുറ്റത്ത് പുതിയ തരം പൂച്ചെടികൾ നടാനായി മണൽതരി കലർന്ന ഉറച്ചമണ്ണ് കിളച്ചു മറിച്ചു. അബദ്ധത്തിൽ പൊട്ടിയ പൈപ്പ് ഒട്ടിച്ചു ശരിയാക്കി.

കൈ രണ്ടും പുറകിൽ കെട്ടി മൗനിയായി തിരിച്ചു നടക്കുന്ന അർബാബിനെക്കണ്ടപ്പോൾ ചിന്തിച്ചു: 'സത്യത്തിൽ അർബാബ് ഒരു പാവമാണ്. ഇത്രയൊക്കെ ചെയ്തിട്ടും അയാളെന്നെ 'തടിയാ...' എന്നു മാത്രം വിളിച്ചില്ലല്ലോ!

എന്റെ അർബാബ് എത്ര നല്ലവൻ!!'.

□

# ബിനീഷ് പിലാശ്ശേരി



1986-ൽ കോഴിക്കോട്, ഫറോക്കി ലെ കൊടക്കല്ലുപറമ്പിൽ ജനനം. കോഴിക്കോട്ടും തുടർന്ന്, വയനാട്ടി ലെ സുൽത്താൻ ബത്തേരിയിലുമാ യി സ്കൂൾപഠനം. നിലവിൽ കോഴി ക്കോട്, കുന്ദമംഗലത്തിനടുത്ത് പിലാശ്ശേരിയിൽ സകുടും ബം സ്ഥിരതാമസം. ULCCS എന്ന കമ്പനിയിൽ നിർ മ്മാണ മേഖലയിൽ ജോലി ചെയ്യുന്നു.

മാതാപിതാക്കൾ: ബാലൻ, തങ്കമണി.
ഭാര്യ: ജിഷ.
മകൻ: ശിവതേജ്.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർ ത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവി ന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുക യും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വത ന്ത്രമാക്കാൻ സഹായിക്കുക.

Binish binjish

UPI ID: binishbinjish22354-1@okaxis

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്റ്റ് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014